# ജീവിത സഫലതയുടെ ആൾരൂപം

**സൺഡേ സ്കൂൾ സമാജത്തിനു 30 വർഷം നേതൃത്വം നൽകുകയും ചരൽക്കുന്ന് ക്യാംപ് സെന്ററിനെ ഇന്നത്തെ നിലയിൽ എത്തിക്കുന്നതിൽ മുഖ്യപങ്കു വഹിക്കുകയും ചെയ്ത മാർത്തോമ്മാ സഭയിലെ വൈദികൻ റവ. കെ.കെ. ജോർജിന്റെ ജന്മശതാബ്ദി വർഷമാണിത്. മാരാമൺ കൺവൻഷൻ പരിഭാഷകനായും ഗ്രന്ഥകാരനായും സഭാതാരക മാനേജിങ് എഡിറ്ററായും തിളങ്ങിയ റവ. ജോർജിന്റെ ജീവിതം**

**ഗീവർഗീസ് മാർ അത്തനാസിയോസ് സഫ്രഗൻ മെത്രാപ്പൊലീത്ത അനുസ്മരിക്കുന്നു**

ഒരു സംഘടനയുടെ ചുമതലാ സ്ഥാനത്തു ഏറെ തുടരുമ്പോൾ വിമർശനങ്ങൾ വർധിക്കുകയും വ്യക്തിത്വത്തിന്റെ ശബളിമയ്ക്ക് മങ്ങൽ ഏൽക്കുകയും ചെയ്യുന്നതു പതിവാണ്. ആ സ്ഥാനത്ത് ഇരുന്നുകൊണ്ട് നടത്തുന്ന പ്രസ്താവനകൾക്കും ഉദ്ബോധനങ്ങൾക്കും വില കുറയുന്നതും സ്വാഭാവികം.മാർത്തോമ്മാ സൺഡേ സ്കൂൾ സമാജം ശതാബ്ദി കൊണ്ടാടുന്ന അവസരത്തിൽ പിൻതിരിഞ്ഞു നോക്കുമ്പോൾ സുദീർഘമായ 30 വർഷം അതിന്റെ ജനറൽ സെക്രട്ടറി സ്ഥാനത്തു തുടർന്നിട്ടും വ്യക്തിത്വത്തിനു മാറ്റു കുറയുകയോ ഉദ്ബോധനങ്ങൾക്ക് ആജ്ഞാശക്തി നഷ്ടപ്പെടുകയോ ചെയ്യാതെ മുന്നോട്ടു പോകാൻ സാധിച്ചത് റവ. കെ. കെ. ജോർജിന്റെ സ്വഭാവ ശ്രേഷ്ഠതയായി കാണണം. സ്നേഹവായ്പോടെയുള്ള പ്രവർത്തനം കൊണ്ട് കുഞ്ഞുങ്ങളുടെ സ്വഭാവ രൂപീകരണത്തിൽ പ്രത്യേക സംഭാവനകൾ നൽകാൻ അദ്ദേഹത്തിനു സാധിച്ചു. മുളംകാടുകൾക്ക് ഉയരം വർധിക്കുന്തോറും അതിന്റെ അഗ്രം താഴേക്ക് കുനിയുന്നതു പോലെ മറ്റുള്ളവരുടെ മുമ്പിൽ വിനയത്തോടെ നിൽക്കാനും പ്രയാസമില്ലായിരുന്നു.



റവ. ഡോ. കെ.കെ. ജോർജ്.

യഥാർഥ മഹത്വം ഉള്ളവർക്ക് മറ്റുള്ളവരുടെ ഒപ്പം കയ്യു നിൽക്കാനും ഊഴം വരുംവരെ ക്ഷമയോടെ കാത്തുനിൽക്കാനും മടി കാണിക്കില്ല. യഥാർഥ വലുപ്പമുള്ളവനു മറ്റുള്ളവർ പരിഹസിക്കുമ്പോഴും തന്റെ ഉത്തമ ബോധ്യങ്ങൾക്കു വേണ്ടി ധീരമായി പൊരുതാൻ സാധിക്കും. ഈ സവിശേഷതകൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലുണ്ടായിരുന്നു.

ഇത്തരമാളുകൾ സമൂഹത്തിൽ കുറഞ്ഞുവരുന്നു. അതിനുള്ള ഉദാഹരണങ്ങളാണ് മാധ്യമങ്ങളിൽ ദിനം തോറും പ്രത്യക്ഷപ്പെടുന്ന സംഭവങ്ങൾ. നാം നക്ഷത്രങ്ങളെ പഴിക്കാതെ നമ്മുടെ മനസിനെ ശോധന ചെയ്യേണ്ടത് എത്രയോ ആവശ്യമാണ്. കുറിയന്നൂരിലെ ചരൽക്കുന്നിൽ വിദ്യാഭ്യാസ കേന്ദ്രം നിർമിക്കാൻ എത്രയോ പ്രാവശ്യം അദ്ദേഹം നടന്നു കയറുകയും ഇറങ്ങുകയും ചെയ്തിട്ടുണ്ട്. അതിലൊന്നും നിരാശപ്പെട്ടിട്ടില്ല. അച്ചനും പീഡാനുഭവങ്ങളെ ദൈവകൃപയിൽ ശരണപ്പെട്ട് മഹത്വരമാക്കാൻ സാധിച്ചു. വാട്ടർഗേറ്റ് സംഭവത്തിനു ശേഷം അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സൺ പറഞ്ഞു- ' Only if you have been in the deepest valley, can you ever know how magnificent it is to be on the highest mountain' ഗിരിശൃംഗങ്ങളിൽ ഇരിക്കുന്നതിന്റെ സന്തോഷം ആസ്വദിക്കുന്നതിന് ഒരുനാൾ ദുഃഖത്തിന്റെ താഴ്‌വരയിലൂടെ നടന്നാലേ സാധിക്കൂ...

നിരാശയുടെ അനുഭവങ്ങളിലെല്ലാം അച്ചൻ ഈ മണ്ണിൽ ചവിട്ടിനിന്നുകൊണ്ട് അനന്തതയിലേക്ക്, നിത്യതയിലേക്ക് നോക്കിനിന്നു. ദൈവകൃപയാലും തന്റെ ജീവിതത്തിന്റെ ശ്രേഷ്ഠതയാലും ആയിരക്കണക്കിനു കുഞ്ഞുങ്ങളുടെ ജീവിതത്തിന്റെ കുസുമങ്ങൾ വിടരുന്നതു കണ്ട് സന്തോഷിക്കാൻ അച്ചനു സാധിച്ചു.

ആയുസിന്റെ സായാഹ്നത്തിൽ അവനവൻ പരിശോധിക്കേണ്ട ചില കാര്യങ്ങളുണ്ട്. എത്ര സുഖലോലുപതയിൽ ജീവിക്കാൻ സാധിച്ചോ എന്നുള്ളതല്ല എത്ര സഹജീവികൾക്ക് നന്മ ചെയ്യാൻ സാധിച്ചു എന്നതാണത്. തന്റെ വ്യക്തിപരമായ ആഗ്രഹങ്ങളെല്ലാം സാധിച്ചോ എന്നുള്ളതല്ല. എത്രമാത്രം സ്നേഹം പങ്കിടുവാൻ സാധിച്ചു എന്നതാണ്. സ്നേഹ കാരുണ്യത്തിലൂടെയാണ് ആത്യന്തികമായി ജീവിതം വിലയിരുത്തപ്പെടുന്നത്. രണ്ട് കാര്യങ്ങളേ നമ്മെ സന്തോഷിപ്പിക്കുകയുള്ളൂ. കുറെ ആളുകൾ നമ്മെ സ്നേഹിപ്പാനും കുറച്ച് ആളുകളെ നമുക്കു സ്നേഹിക്കാനും. ഉണ്ടെങ്കിൽ ആ ജീവിതം അർഥവത്തും ആനന്ദം ഉള്ളതുമായിരിക്കും. നാം അനുസ്മരിക്കുന്ന റവ. കെ.കെ. ജോർജ് ഈ ആനന്ദത്തിന്റെ, ജീവിത സഫലതയുടെ ആൾരൂപമായിരുന്നു. ഹാ... എത്ര പ്രയോജനാത്മകമായ ഓർമകൾ. എത്ര വലിയ ധാർമിക അടിത്തറ. കെട്ടുറപ്പുള്ള ധാർമിക അടിത്തറ ആ ജീവിതത്തെ ഉറപ്പിച്ചുനിർത്തിയിരുന്നു. അനേകമാളുകളുടെ ജീവിതത്തിന്റെ ധർമാന്വേഷണ ജ്വാലയായി ഇന്നും അച്ചൻ ജ്വലിച്ചു നിൽക്കുന്നു. ആ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കാം.